1-1-1991 മുതൽ ഫുൾടൈം ജോലികൾക്ക് പരിഗണിക്കുവാൻ കഴിഞ്ഞിരുന്നില്ല. 1976-ൽ രജിസ്ററർ ചെയ്ത ഉദ്യോഗാർത്ഥികളെ ഇത്തരം വേക്കൻസികൾക്ക് തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് ആദ്യമായി പരിഗണിച്ചത് 1994 മുതൽക്കായിരുന്നു. പാർട്ടൈം ഒഴിവുകൾക്കായി തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിരുന്ന ഉദ്യോഗാർത്ഥികളിൽ ഹിന്ദു-വിശ്വകർമ്മ സമുദായത്തിൽ ഏറ്റവും അവസാനം പരിഗണിച്ചിരിക്കുന്നത് 20-7-1974-ൽ രജിസ്ട്രേഷൻ സീനിയോറിറ്റിയുള്ള ഉദ്യോഗാർത്ഥിയെയാണ്.

(ഡി) ശ്രീ. രാജപ്പന് 50 വയസ്സിനുമേൽ പ്രായം ഉള്ളതിനാലും മൂന്നാം സ്റ്റാൻഡേർഡ് വിദ്യാഭ്യാസ യോഗ്യത മാത്രമെ ഉള്ളൂ എന്നതിനാലും നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് ടിയാനെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഒരു ഒഴിവിലേക്കും നാമനിർദ്ദേശം ചെയ്യുവാൻ കഴിയുകയില്ല.

ഡി.പി.സി. അംഗീകരിച്ചിട്ടുള്ള എംപ്ലോയ്മെന്റ് ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റ്

51 [4929] ശ്രീ. സി. ടി. അഹമ്മദ് അലി:
„ സി. മമ്മൂട്ടി:
„ കെ. കുട്ടി അഹമ്മദ് കുട്ടി:
„ പി. കെ. അബ്ദുറബ്ബ്:
„ പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് വകുപ്പിൽ ഡി. പി. സി. അംഗീകരിച്ചിട്ടുള്ള ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ;

(ബി) ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാരുടെ ഒഴിവുകൾ നികത്തുവാനുള്ള സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ;

(സി) ഒഴിവുകൾ നികത്തുന്നതിനു കാലതാമസം വന്നിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഡി.ഇ.ഒ.-മാരുടെ അഭാവം വകുപ്പിന്റെ പ്രവർത്തനത്തെ ബാധിക്കാതിരിക്കാൻ അടിയന്തിരമായി നിയമനം നടത്താമോ;

(ഇ) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) 2001, 2002, 2003 എന്നീ വർഷങ്ങളിലെ ലിസ്റ്റ് നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാരുടെ ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്നതിനുള്ള സത്വര നടപടി സ്വീകരിച്ചു വരുന്നു.

(സി) ഉണ്ട്.

(ഡി) ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നിലവിലുള്ള ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഇ) പരിഗണിക്കുന്നതാണ്.

രാമകൃഷ്ണന്റെ ചികിത്സാതുക തിരിച്ചുനൽകാൻ നടപടി

52 [4930] ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടച്ചിട്ടിരിക്കുന്ന കാഷ്യൂ ഫാക്ടറികളിലെ തൊഴിലാളികളും ഉടമകളും ഇ.എസ്.ഐ. വിഹിതം അടയ്ക്കാത്തതിനാൽ പ്രസ്തുത തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം നൽകുമോ എന്നറിയിക്കുമോ;

(ബി) ഫാക്ടറി തുറക്കുമ്പോൾ ഇ.എസ്. ഐ. വിഹിതം ഫാക്ടറി പൂട്ടിയ നാൾ മുതൽ കൊടുക്കേണ്ടതായി വരുമോയെന്ന് വെളിപ്പെടുത്തുമോ;

(സി) അപ്രകാരം കൊടുക്കേണ്ടതായി വരുമെങ്കിൽ പൂട്ടിയിട്ടിരിക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്ക് ചികിത്സ നൽകുന്നതിന്റെ പേരിലുള്ള ചെലവ് ഇ.എസ്.ഐ. കോർപ്പറേഷൻ തിരിച്ചുനൽകാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) അടച്ചിട്ടിരിക്കുന്ന കൊല്ലം കേരളപുരം നജീം കാഷ്യൂ ഫാക്ടറിയിലെ തൊഴിലാളിയായ ശാന്തയുടെ ഭർത്താവ് ശ്രീ. രാമകൃഷ്ണന്റെ കാൻസർ ചികിത്സയ്ക്ക് ചെലവായ തുക ഇ. എസ്. ഐ. കോർപ്പറേഷനിൽനിന്ന് തിരിച്ചുനൽകാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത വ്യക്തിക്ക് ചികിത്സാ ചെലവ് തിരിച്ചു നൽകുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഫാക്ടറി അടഞ്ഞുകിടക്കുന്ന കാലയളവിൽ ഇ.എസ്.ഐ. വിഹിതം അടയ്ക്കാത്തതിനാൽ നിലവിലുള്ള നിയമപ്രകാരം ഇ.എസ്.ഐ. ആനുകൂല്യം നൽകാൻ നിർവ്വാഹമില്ല.

(ബി) തൊഴിലാളികൾക്ക് നൽകുന്ന/നൽകാനുള്ള കൂലിയിൽനിന്നുമാണ് തൊഴിലുടമകൾ ഇ.എസ്.ഐ. വിഹിതം അടയ്ക്കുന്നത്. അതിനാൽ ഫാക്ടറി അടച്ചിട്ടിരിക്കുന്ന കാലയളവിൽ ഇ.എസ്.ഐ. വിഹിതം അടയ്ക്കുകയോ പിന്നീട് ഈടാക്കുകയോ ചെയ്യാറില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly